മറ്റൊരു കാര്യം, ഇവിടെ ഒരു ഫയൽ പരിശോധിക്കുന്ന കമ്മിററിയെ സംബന്ധിച്ച് ഒരു തർക്കം വന്നു. ഞാൻ അതു നോക്കി. അതിന്റെ ശരിയായ പൊസിഷൻ ഇതാണ്. അന്ന് ഡിസെന്റിംഗ് നോട്ട് കമ്മിററിയിൽ കൊടുത്തപ്പോൾ സ്വീകരിച്ചില്ല. അസംബ്ലി കൂടിയപ്പോൾ റിപ്പോർട്ടു സമർപ്പിച്ച സന്ദർഭത്തിൽ ഡിസെന്റിംഗ് നോട്ടിനെ സംബന്ധിച്ച് സഭയിൽ വലിയ വാദപ്രതിവാദവും കോലാഹലവും ഉണ്ടായി. അപ്പോൾ ശ്രീ. പി. പി. ജോർജ് ഒരു ഡിസെന്റിംഗ് നോട്ട് അതായത് 4–12–1987-ൽ മേശപ്പുറത്തു വയ്ക്കുകയും ഒരു പ്രസ്താവന നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ച ശേഷമാണ് ഡിസെന്റിംഗ് നോട്ട് വച്ചത് എന്നതിനാൽ ഡിസെന്റിംഗ് നോട്ട് റിപ്പോർട്ടിന്റെ ഭാഗമായിട്ട് വന്നിട്ടുമില്ല. അപ്പോൾ രണ്ടുപേരും പറഞ്ഞത് ശരിയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, ആ റിപ്പോർട്ടിൽ റിസർവേഷൻസ് ഉണ്ടെന്നു പറഞ്ഞ് ഞങ്ങൾ നാലുപേരുടെ പേര്—ഡോ. കെ. സി. ജോസഫ്, സി. എഫ്. തോമസ്......

മി. സ്പീക്കർ: Shri P. P. George, Shri P. M. Abubacker, Shri. C. F. Thomas and Dr. K. C. Joseph expressed some reservations on the conclusions contained in the report. അത് പരാമർശിച്ചിട്ടുമുണ്ട്. പക്ഷെ ഈ കാരണങ്ങളാൽ ഡിസെന്റിംഗ് നോട്ട് ഭാഗമായി വന്നിട്ടില്ല.

ശ്രീ. പി. പി. ജോർജ്: ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത് ഇതൊരു ഫയൽ പരിശോധന മാത്രമാണെന്നാണ്. പക്ഷെ ഇത് ഫയൽ പരിശോധന മാത്രമല്ല. ഇത് ഫയൽ പരിശോധിക്കുകയും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എതിരായി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ ഉന്നയിച്ച ആരോപണങ്ങൾ അന്വേഷിക്കലുമായിരുന്നു.

## VI. റൂളിംഗ്—അഴിമതിയാരോപണം ഉന്നയിക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ: മറ്റൊന്ന്, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിക്കു മുമ്പായി ശ്രീ. പി. പി. ജോർജിനെതിരായി ശ്രീ. കെ. ചന്ദ്രശേഖരൻ രേഖാമൂലം ഒരു അഴിമതി ആരോപണം എഴുതി തന്നിട്ടുണ്ട്. അതുകൊണ്ട് ആദ്യമായി സംസാരിക്കാൻ ഞാൻ ശ്രീ. പി. പി. ജോർജിനെ ക്ഷണിക്കുകയാണ്. അതിനുമുമ്പ് ഒരു കാര്യം സൂചിപ്പിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ ഇത്തരം ആരോപണ കാര്യങ്ങൾ സംബന്ധിച്ച് സഭയിൽ വാതപ്രതിവാദങ്ങൾ ഉണ്ടാവുകയും ഏററവും ഒടുവിലായി എന്റെ മുൻഗാമി ശ്രീ. വർക്കല രാധാകൃഷ്ണൻ 16–7–1990-ൽ, ഏതു തരത്തിലുള്ള അഴിമതി ആരോപണങ്ങൾ ഉന്നയിക്കാമെന്നതു സംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുമുണ്ട്. അതിന്റെ പ്രസക്ത ഭാഗം എല്ലാ അംഗങ്ങളെയും ഞാൻ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 16–7–1990-ൽ ശ്രീ. വി. കെ. രാജൻ ശ്രീ. പി. പി. ജോർജിനെതിരായി ആരോപണം ഉന്നയിച്ചു. അതിൻമേലുള്ള റൂളിംഗാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: "തക്കതായ രേഖാമൂലം തെളിവുണ്ടെങ്കിൽ മാത്രമേ മേലിൽ സഭയിൽ ഏതാരോപണവും ഉന്നയിക്കാൻ പാടുള്ളൂ.

ശ്രീ. കെ. കരുണാകരൻ: പ്രൈമാഫസി തെളിവുണ്ടെങ്കിൽ തീർച്ചയായും അനുവദിക്കേണ്ടതാണ്.

മി. സ്പീക്കർ: പ്രൈമാഫസി തെളിവുകൾ മാത്രം പോര, എവിഡൻസ് ഹാജരാക്കിയാൽ മാത്രമേ ആരോപണം ഉന്നയിക്കാൻ അനുവദിക്കൂ". Please..........please..........please....................(ബഹളം).......... അതിനുശേഷം ശ്രീ. ഇ. കെ. മേനോൻ പ്രതിപക്ഷ നേതാവായ ശ്രീ. കെ. കരുണാകരനെ സംബന്ധിച്ച് എഴുതി കൊടുത്തു. അതിനെ സംബന്ധിച്ചും ശ്രീ. വർക്കല രാധാകൃഷ്ണന്റെ റൂളിംഗുണ്ട്.

"പ്രതിപക്ഷ നേതാവിനെതിരായി രണ്ട് ആരോപണങ്ങൾ ബഹുമാനപ്പെട്ട ഇ. കെ. മേനോൻ എഴുതിത്തന്നിരുന്നു. ഈ രണ്ട് ആരോപണവും പ്രതിപക്ഷ നേതാവിന്റെ അഭിപ്രായത്തിന് അയച്ചു. അദ്ദേഹം ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് മേലിൽ ആരോപണങ്ങൾ ഉന്നയിക്കുന്ന അവസരത്തിൽ അതുമായി ബന്ധപ്പെട്ട രേഖകൾ ഇല്ലാത്ത ഒരാരോപണവും സഭയിൽ ഉന്നയിക്കാൻ അനുവദിക്കുന്നതല്ല."

ഞാൻ ഇവിടെ കിട്ടിയ ആരോപണങ്ങൾ ഈ സാഹചര്യത്തിൽ എന്തു ചെയ്യണമെന്ന് അറിയാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിക്കു പകർപ്പു കൊടുത്തു. പക്ഷെ മന്ത്രി, 'എന്തായാലും അതു നിഷേധിക്കണ്ട, അനുവദിച്ചോ മറുപടി ഞാൻ പറഞ്ഞുകൊള്ളാം' എന്നു പറഞ്ഞതുകൊണ്ടു മാത്രമാണ് അനുവദിച്ചത്. മേലിൽ അടിസ്ഥാനപരമായ രേഖകൾ ഇല്ലാത്ത ഒരു ആരോപണവും ആരെ സംബന്ധിച്ചും ഉന്നയിക്കാൻ ഈ സഭയിൽ എവിടെനിന്ന് ഉന്നയിച്ചാലും ഈ റൂളിംഗിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതല്ല എന്നുള്ള വിവരം എല്ലാവരെയും ഈ അവസരത്തിൽ അറിയിക്കുകയാണ് ....(ബഹളം)....അല്ലെങ്കിൽ ആരെക്കുറിച്ചും വെറുതെ ഒരു കടലാസിൽ എഴുതിക്കൊടുത്ത് ചർച്ച നടത്താം. അതു ശരിയല്ല. അടിസ്ഥാനപരമായ രേഖകൾ വേണം. അതാണ് ശ്രീ. വർക്കല രാധാകൃഷ്ണന്റെ റൂളിംഗ് ..............(ബഹളം)............ഇത് പ്രത്യേക സാഹചര്യത്തിൽ അനുവദിച്ചതാണ്.

## VII. വ്യക്തിപരമായ വിശദീകരണം

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, ഈ ഡിമാൻറിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരൻ ഇവിടെ എന്നെ പരാമർശിച്ചുകൊണ്ട്, അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ട്, എന്നെ വിമർശിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയുകയുണ്ടായി. അത് അദ്ദേഹം ഇവിടെ പറയുന്നതിനുമുമ്പ് അതിനെ സംബന്ധിച്ച് അദ്ദേഹം എഴുതി കൊടുത്ത നോട്ടീസിന്റെ കോപ്പിയും എനിക്ക് ലഭിച്ചു. അതിൽ

LIBRARY ARCHIVES Kerala Legislative Assembly